

THURSDAY 01/01/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/01/2026

1. കാർഷിക മേഖലയിലെ സംരംഭകത്വവും തൊഴിൽ സാധ്യതകളും വർധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന സെൻറർ ഫോർ അഗ്രികൾച്ചറൽ ഇന്നൊവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (CAITT), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഹൈദരാബാദ് എന്നിവയുടെ ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് (MANAGE). സഹകരണത്തോടെ നടപ്പാക്കുന്ന അഗ്രിക്ലിനിക്സ് ആൻഡ് അഗ്രി ബിസിനസ് സെന്റേഴ്സ് (AC&ABC) പദ്ധതിയുടെ ഭാഗമായി 45 ദിവസത്തെ ഓഫ്‌ലൈൻ സൗജന്യ സംരഭക പരിശീലന പരിപാടിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ 25 പേർക്ക് മാത്രമായിരിക്കും പരിശീലനത്തിലേക്ക് പ്രവേശനം. അഗ്രികൾച്ചർ ഹോർട്ടികൾച്ചർ, ഡയറി സയൻസ്, അനിമൽ ഹസ്ബൻഡറി, ഫിഷറീസ്, ഫോറസ്ട്രി, അഗ്രികൾച്ചറൽ എഞ്ചിനിയറിങ്. ബയോടെക്നോളജി, ഹോം സയൻസ്, കമ്മ്യൂണിറ്റി സയൻസ്, ഫുഡ് ടെക്നോളജി, ഫുഡ് ന്യൂട്രിഷൻ &

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡയറ്റ്റിക്സ്. എൻവയോൺമെന്റൽ സയൻസ്, ബോട്ടണി, സുവോളജി, കെമിസ്ട്രി തുടങ്ങിയ വിഷയങ്ങളിലേതിലെങ്കിലും ബിരുദ യോഗ്യത ഉള്ളവർക്കും, +2 വിജയിച്ചതിന് ശേഷം മൂന്നു വർഷത്തെ അഗ്രികൾച്ചർ/അലൈഡ് ഡിപ്ലോമ പൂർത്തിയാക്കിയവർക്കും അപേക്ഷിക്കാം. പ്രായപരിധി 21 മുതൽ 60 വയസ് വരെയാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് വ്യക്തിഗത സംരംഭങ്ങൾക്കായി പരമാവധി 20 ലക്ഷം രൂപ വരെയും, അഞ്ചംഗ ഗ്രൂപ്പുകൾക്ക് ഒരു കോടി രൂപ വരെയും ബാങ്ക് വായ്പ ലഭിക്കും. വനിതകൾക്കും പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കും 44 ശതമാനം വരെയും മറ്റ് വിഭാഗങ്ങൾക്ക് 36 ശതമാനം വരെയും വായ്പാ സബ്സിഡി ലഭ്യമാണെന്നും അധികൃതർ അറിയിച്ചു. വായ്പാ സഹായത്തിനുള്ള പരമാവധി പ്രായപരിധി 62 വയസാണ്. പരിശീലനം സൗജന്യമായിരിക്കും. പദ്ധതിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ https://acabcmis.gov.in എന്ന വെബ്സൈറ്റ് മുഖേന 2026 ജനുവരി 24-നകം അപേക്ഷ സമർപ്പിക്കണം. അടുത്ത ബാച്ച് 2026 ഫെബ്രുവരി 10-ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 8891540778, 6379484445, 6282832213 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. കൊച്ചി നഗരത്തിന് വസന്ത കാലമൊരുക്കി എറണാകുളം മറൈൻ ഡ്രൈവിൽ കൊച്ചിൻ ഫ്ലവർഷോ ആരംഭിച്ചു. ഓർക്കിഡുകൾ, അഡീനിയം, മിനി ആന്തൂറിയം, റോസ്, ഓറിയന്റൽ ലില്ലി. മാരിഗോൾഡ്, ഡാലിയ, സീനിയ, ക്രിസാന്തിമം തുടങ്ങി നാൽപതിനായിരത്തോളം പൂച്ചെടികളാണ് മേളയുടെ ആകർഷണം. ബെംഗളൂരുവിൽ നിന്നുള്ള ഇൻഡോ അമേരിക്കൻ നഴ്സറി ഉൾപ്പെടെ ഒട്ടേറെ നഴ്സറികളും സംസ്ഥാന കൃഷി വകുപ്പിന്റെ 'അഗ്രി ക്ലിനിക്കും' പ്രദർശന നഗരിയിലുണ്ട്. പുഷ്പാലങ്കാരം, വെജിറ്റബിൾ കാർവിങ്, ടെറേറിയം തുടങ്ങിയ വിഷയങ്ങളിൽ സൗജന്യ ശിൽപശാലകളും നടക്കും. ജില്ലാ അഗ്രി-ഹോർട്ടികൾച്ചർ സൊസൈറ്റി നടത്തുന്ന പുഷ്പമേള ജനുവരി 4ന് സമാപിക്കും.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള അമ്പലവയലിലെ റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ (ആർഎആർഎസ്) ഇന്ന് (2026 ജനുവരി 1) മുതൽ 15 വരെ നടക്കുന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാർഷിക അന്താരാഷ്ട്ര പുഷ്പമേളയായ പൂപ്പൊലി 2026 സംഘടിപ്പിക്കുന്നു. കാർഷിക മേഖലയിലെ പുഷ്പ സൗന്ദര്യത്തിന്റെയും സാങ്കേതിക പുരോഗതിയുടെയും പ്രദർശനമായ ഈ പരിപാടിയിൽ കാർഷിക യന്ത്രങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നൂതന പരിഹാരങ്ങൾ, കാർഷിക രീതികളിലെ പുരോഗതി എന്നിവയുൾപ്പെടെ കാർഷിക സംബന്ധിയായ ഉൽപ്പന്നങ്ങളുടെയും സാങ്കേതികവിദ്യകളുടെയും വിപുലമായ ശ്രേണി അവതരിപ്പിക്കുന്നു.

**പരിശീലന പരിപാടി**

4. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2026 ജനുവരി 03 മുതൽ 16 വരെ "ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/-രൂപ.പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഇന്ന് (2026 ജനുവരി 1) തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ, തിരുവനന്തപുരം 695004. ഇ മെയിൽ:principaldtctvm@gmail.com

## കാർഷിക നിർദേശം

5. മാവിൻ തോട്ടങ്ങളിൽ വൈകുന്നേരങ്ങളിൽ പുകയ്ക്കുന്നത് മാവ് പൂക്കാനും, കായ്ക്കാനും സഹായിക്കും. കായീച്ച മാങ്ങയിൽ ഉണ്ടാകുന്ന പുഴുക്കേട് നിയന്ത്രിക്കാനായി ഫിറമോൺകെണി ഉപയോഗിക്കാം. മാവ് പൂത്ത്തുടങ്ങുമ്പോൾ മുതൽ കെണി വെയ്ക്കണം. ഒരു കെണി ഉപയോഗിച്ച് 3 മുതൽ 4 മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം പാളയൻകോടൻ പഴം/തുളസിയില തുടങ്ങിയവ കൊണ്ടുള്ള ചിരട്ട കെണികളും ഉപയോഗിക്കുകയാണെങ്കിൽ കൂടുതൽ ഗുണംചെയ്യും. ഒരേക്കർ മാവിൻ തോട്ടത്തിന് 5 എണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെച്ചുകൊടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 – 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം